A3/51/2024-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ്-പൈതൃക പഠന കേന്ദ്രത്തിന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് മൂന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.187/2025/CLAD തീയതി,തിരുവനന്തപുരം, 25-03-2025

പരാമർശം:-
1. സ.ഉ.(സാധാ) നം.565/2024/CLAD തീയതി 30.09.2024
2. സ.ഉ.(സാധാ) നം.1/2025/CLAD തീയതി 01.01.2025
3. പൈതൃക പഠനകേന്ദ്രം രജിസ്ട്രാറുടെ 04.02.2025 തീയതിയിലെ സിഎച്ച്എസ്/122/2024/എ1 നമ്പർ കത്ത്.

**ഉത്തരവ്**

പൈതൃക പഠന കേന്ദ്രത്തിന് 2024-25 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ "2205-00-103-85 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (1) പ്രകാരം ഒന്നാം ഗഡുവായി 4,20,000/- രൂപയും (നാല് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) പരാമർശം (2) പ്രകാരം രണ്ടാം ഗഡുവായി 3,00,000/- രൂപയും (മൂന്ന് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവായിരുന്നു. പദ്ധതിയേതര വിഹിതത്തിൽ നിന്നും മൂന്നാം ഗഡു അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം പൈതൃക പഠന കേന്ദ്രം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2205-00-103-85-പൈതൃക പഠന കേന്ദ്രം പദ്ധതിയേതര ശീർഷകത്തിന്റെ അലോക്കേഷൻ പരിധി 100% ആയി ഉയർത്തി നല്കി; പൈതൃക പഠന കേന്ദ്രത്തിന് 2024-25 സാമ്പത്തിക വർഷം "2205-00-103-85 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള 10,00,000/- രൂപയിൽ നിന്നും 2,80,000/-രൂപ (രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) മൂന്നാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പ്രസ്തുത തുക 04/01/2021-ലെ സർക്കുലർ നമ്പർ 1/2021/Fin-ലെ നിബന്ധന പ്രകാരം പൈതൃക പഠന കേന്ദ്രത്തിന്റെ തൃപ്പൂണിത്തുറ സബ് ട്രഷറിയിലുള്ള 711081400000005 എന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന രജിസ്ട്രാർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന രജിസ്ട്രാർ ധനവിനിയോഗ സർട്ടിഫിക്കറ്റ്

സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, പൈതൃക പഠന കേന്ദ്രം, ഹിൽ പാലസ്, തൃപ്പൂണിത്തുറ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം,
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, തൃപ്പൂണിത്തുറ സബ് ട്രഷറി
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 2780446) EDN-C5/24/2024-FIN dated 24.03.2025)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 25-03-2025 17:10:33